

വർണ്ണത്തൂവൽ



# വർണ്ണത്തൂവൽ




# St.Sebastian's HSS Kuttikad

# വിജയ പടവുകളിൽ......



# താളുകൾ മറിക്കുമ്പോൾ....


ഓർമ്മ ചിത്രങ്ങൾ

വൈക്കം മുഹമ്മദ്ബഷീർ

വേദനയിൽ നിന്ന് വളർച്ച

അമ്മ

സൗഹൃദത്തിൻ തൂവൽ സ്പർശം

അന്നു പെയ്ത മഴയിൽ

മൂൺ

ലോക പരിസ്ഥിതി ദിനം

മഴ

മാനും മുന്തിരി ഇലകളും

# എഡിറ്റോറിയൽ

നിരന്തരമായ ലോകത്തിന്റെ വളർച്ചയിൽ അതിവേഗം വളരുന്നു, സാങ്കേതികവിദ്യ . ലോകത്തിൻറെ ആവശ്യങ്ങൾ ഡിജിറ്റലായി മാറികൊണ്ടിരിക്കുന്നു. വരുംതലമുറ സാങ്കേതികവിദ്യയെ അറിയുകയും നൂതന സങ്കേതങ്ങൾ കണ്ടുപിതിക്കേണ്ടതും ആവശ്യമാണ് . ഇതിനായ് വിദ്യഭ്യാസ രംഗത്ത് വന്നിരിക്കുന്ന മാറ്റങ്ങൾ പ്രശംസനീയമാണ്. താൻ ജീവിക്കുന്ന കാലഘട്ടത്തിനനുസരിച്ച്, ചുറ്റുപാടുകൾ മനസ്സിലാക്കി, അവയുടെ നന്മകൾ മാത്രം സ്വീകരിച്ച് വളരാൻ സാങ്കേതിക വിദ്യഭ്യാസത്തിലൂടെ വിദ്യാർത്ഥികൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

എഡിറ്റർ

Multimedia Design by Sandy



# സന്ദേശം

വിവരവിനിമയ സാങ്കേതിക വിദ്യയുടെ ഗുണപരവും സർഗാത്മകവുമായ പ്രയോജനം സ്കൂൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിനായി കുറ്റിക്കാട് സെൻറ് സെബാസ്റ്റ്യൻസ് ഹൈസ്ക്കുളിലും ലിറ്റിൽ കൈറ്റ് യൂണിറ്റ് സമാരംഭിച്ചിരിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായ ഇ-മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ വളരെയധികം സന്തോഷം. ഈ സംരംഭത്തിൽ പങ്കെടുത്ത എല്ലാ കൈറ്റ് അംഗങ്ങളും മറ്റു വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഈ അവസരത്തിൽ പ്രത്യേകം അഭിനന്ദനങ്ങൾ അറിയിക്കുന്നു. വൈവിധ്യമാർന്ന പരിശീലന പ്രവർത്തനങ്ങളിലൂടെ സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ ഈ പദ്ധതി പ്രചോദനമാകട്ടെ എന്ന് ആശംസിച്ചുകൊണ്ട്

ഡേവിസ് ചേങ്ങിപ്പറമ്പിൽ
ഹെഡ്മാസ്റ്റർ

# ഓർമ്മ ചിത്രങ്ങൾ.......










ഹൈസ്കൂൾ വിഭാഗം
സ്കൂൾ വാർഷികാഘോഷം



ST.SEBASTIAN'S HIGHER SECONDARY SCHOOL, KUTTIKKAD
PH: 0480 - 2746845


നല്ല
പാഠം
സെന്റ്. സെബാസ്റ്റ്യൻ. എച്ച്. എസ്. കുറ്റിക്കാട്.


151/-




C BLOCK



# <u>വൈക്കം മുഹമ്മദ് ബഷീർ</u>


മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു , ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ . ആധുനിക മലയാള സാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിപ്പിക്കപ്പെട്ടു. ജനകീയനായ എഴുത്തുകാരനായിരുന്നു ബഷീർ. 1982 ൽ ഇന്ത്യാ ഗവൺമെന്റ് പത്മശ്രീ പുരസ്കാരം നല്കി ആദരിച്ചു. 1908 ജനുവരി 21 ന് തിരുവിതാംകൂറിലെ(ഇപ്പോഴത്തെവകോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ ഉൾപ്പെട്ട)തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. പിതാവ് കായി അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാത്തുമ്മ. പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും.

രസകരവും സാഹസികവുമായിരുന്നു ബഷീറിന്റെ ജീവിതം. സ്കൂൾ പഠനകാലത്ത് (5-ക്ലാസ്സ്) കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. കാൽനടയായി എറണാകുളത്തു ചെന്നു കാളവണ്ടി കയറി കോഴിക്കോടെത്തിയ ബഷീർ സ്വാതന്ത്ര്യസമര രംഗത്തേക്ക് എടുത്തുചാടി. ഗാന്ധിജിയെ തൊട്ടു എന്ന് പിൽക്കാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്. 1930-ൽകോഴിക്കോട്ട് ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. ഏകദേശം ഒൻപതു വർഷത്തോളം നീണ്ട അറബിനാടുകളിലും ആഫ്രിക്കയിലുമായുള്ള യാത്രയിൽ പല ഭാഷകളും

ഗ്രഹിച്ചു. മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും നേരിട്ടു കണ്ടു .ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യം എന്നു പറയാം .ലോകം ചുറ്റുന്നതിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.

പദ്മനാഭ പൈ പത്രാധിപരായിരുന്ന "ജയകേസരി"യിൽ പ്രസിദ്ധീകരിച്ച തങ്കം ആണ് ആദ്യം പ്രസിദ്ധീകരിച്ച കഥ. സാമാന്യം മലയാളഭാഷ അറിയാവുന്ന ആർക്കും ബഷീർ സാഹിത്യം വഴങ്ങും.

ബഷീറിന്റെ കൈപ്പട




## ചലച്ചിത്രങ്ങൾ

ബഷീറിന്റെ നീലവെളിച്ചം എന്ന മൂലകഥയുടെ ചലച്ചിത്രാവിഷ്കാരമാണ് ഭാർഗ്ഗവീനിലയം. ചന്ദ്രതാരയാണ് ഈ ചിത്രം നിർമിച്ചത്. മധു ആയിരുന്നു നായകവേഷത്തിൽ. ബഷീറിന്റെ മതിലുകൾ എന്ന നോവൽ സിനിമയായിട്ടുണ്ട് .പ്രശസ്ത നടൻ മമ്മൂട്ടി വൈക്കം മുഹമ്മദ് ബഷീർ ആയി അഭിനയിച്ചത്. മതിലുകളിലെ അഭിനയത്തിന് മമ്മൂട്ടിക്ക് മികച്ച നടനുള്ള ദേശീയ പുരസ്കാരവും ലഭിക്കുകയുണ്ടായി. അടൂർ ഗോപാലകൃഷ്ണനാണ് ഈ ചിത്രം സംവിധാനം ചെയ്തത്. സിനിമയായിത്തീർന്ന ബഷീറിന്റെ രണ്ടാമത്തെ നോവലാണ് ബാല്യകാലസഖി. സംവിധാനം പി ഭാസ്കരൻ .മജീദായി അഭിനയിച്ചത് പ്രേം നസീറാണ്. പ്രമോദ് പയ്യന്നൂർ സംവിധാനം ചെയ്തത് മമ്മൂട്ടി നായകനായി ഈ സിനിമ വീണ്ടു വന്നു.

കൃതികളിൽ ചിലത്

പ്രേമലേഖനം,ബാല്യകാലസഖി, ശബ്ദങ്ങൾ, ൻറുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, ആനവാരിയും പൊൻകുരിശും, ജീവിതനിഴൽപാടുകൾ , വിശപ്പ് ,പാത്തുമ്മയുടെ ആട് , മതിലുകൾ, വശ്വവിഖ്യതമായ മൂക്ക് , തുടങ്ങിയവ.

LEENA THOMAS

H S A



## വേദനയിൽ നിന്ന് വളർച്ച



മനോഹരമായ പട്ടുപോലെയുള്ള ആവരണം പൊട്ടിച്ച് പുറത്തു കടക്കാൻ കഷ്ടപ്പെടുന്ന ചിത്രശലഭകുഞ്ഞിന്റെ വേദന കുഞ്ഞുമോളെ വിഷമിപ്പിച്ചു. അവൾ സഹായത്തിനെത്തി. സദുദ്ദേശ്യത്തോടെ അവൾ കൂട്ടപൊട്ടിച്ചു കൊടുത്തു. നിവർന്നിട്ടില്ലാത്ത ചിറകുകൾ ഉരച്ച ഏറെനേരം കുഞ്ഞ് ഇഴഞ്ഞു. പറന്നുയരാനുള്ള കഴിവ്

അതിന് ഇനി ഒരിക്കലും കിട്ടില്ല എന്ന് അവൾ അറിഞ്ഞിരുന്നില്ല. അവൾ പരാതിയുമായി അച്ഛന്റെ അടുത്തു ചെന്നു.

സമാധിക്കൂട്ടിൽ നിന്ന് ഞെരുങ്ങി കഷ്ടപ്പെട്ട് പുറത്തുകടക്കുന്നതുവഴിയാണ് അതിന്റെ ശരീരത്തിന് മാറ്റങ്ങൾ വരുന്നതും, പറക്കാനുള്ള ശേഷി ചിറകുകൾക്ക് കിട്ടുന്നതും. ഇത് അച്ഛൻ പറഞ്ഞപ്പോൾ അവൾക്കതൊരു പുതിയ പാഠമായിരുന്നു.

കഷ്ടപ്പാടുകളും വേദനകളും സഹിക്കുന്നതുവഴിയാണ് പലപ്പോഴും പല ശേഷികളും കൈവരുന്നത്. ആകർഷകമായ സ്വർണ്ണാഭരണം രൂപംകൊണ്ടിട്ടുണ്ടെങ്കിൽ അത് തീയിൽ ഉരുകിയിട്ടുണ്ടാകും. ഈ സത്യം നാം ഓർക്കണം.

DEEPA M V
H S A

# അമ്മ

സ്നേഹത്തിൽ താരകമാണമ്മ

മക്കൾ തൻ ആശ്രയമാണമ്മ

വാത്സല്യ ചെപ്പാണെന്നമ്മ

ചക്കരയുമ്മതൻ ഉടമസ്ഥ

വീടിൻ വിളക്കാണെന്നുമെന്നമ്മ

വീടിൻ ഐശ്വര്യമാകുമമ്മ

തൻ സൗന്ദര്യത്തെ കുറിച്ചോർത്തിടാതെ

പുകയും വെയിലും കൊള്ളുമമ്മ

അമ്മതൻ ഇഷ്ടരുചികൾ മറന്നിട്ടു

നമ്മൾക്കിഷ്ട രുചികൾ പാകം ചെയ്യും

ദൈവം നൽകിയ വരമാണമ്മ

ദൈവത്തിൽ തിരുമകളാണമ്മ

അമ്മതൻ കഷ്ടതകളെ നാം

കണ്ടില്ലെന്നു നടിക്കല്ലേ

ഉള്ളിൽ സങ്കടമുണ്ടെങ്കിലും

നമ്മെ സന്തോഷിപ്പിച്ചിടുമമ്മ

അമ്മയെന്ന പുണ്യവാക്കിനെ ആദരിക്കു

കാരണമെന്തെന്നാൽ അമ്മയില്ലെങ്കിൽ

നമ്മളീ ലോകത്തില്ലെന്ന് വേണം

ചൊല്ലീടുവാൻ

Ilin Shaju

Class : IX : F

# A Mother's Love

It's great pleasure, Mother

To feel your love

It's a great pleasure

To love you Mom

Love is divine, for I have been

feeling it from the day

on which God embedded me

In your womb

Only a mother can love a child

More than anyone else

And it's you greater than

Anyone can love

Edson Cleetus

Class:IX:C

# A Teacher

T -Tolerant

E -Efficient

A -Affectionate

C -Co-operative

H -Humble

E -Exegetic

R -Responsible

Edson Cleetus :IX C




# ബക്രീദ്

ബലി പെരുന്നാളായിട്ടാണ് ബക്രീദ് ആഘോഷിക്കുന്നത്. ദൈവം സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് പറഞ്ഞു നിന്റെ മകനെ ബലിനൽകണമെന്ന്. ഇക്കാര്യം തന്റെ പുത്രന്റെ അടുത്ത് പറഞ്ഞു. അവൻ സമ്മതിക്കുകയും ചെയ്തു. ബലിനൽകുന്ന സമയത്ത് ഭക്തിയിൽ തൃപ്തനായ ദൈവം പ്രത്യക്ഷപ്പെട്ട് ആടിനെ ബലിനൽകിയാൽ മതി എന്ന് പറഞ്ഞു. അതുകൊണ്ടാണ് ബക്രീദ് ബലി പെരുന്നാളാണെന്ന് പറയുന്നത് .

# Dogs

Dogs , dogs , dogs

They often come in out dreams

with various colours

Big and small

Cheerful and playful

funny and cute

They are police dogs who


Guard out homes

They are the very beast friends

That we can make ever of

Evin George Wilson

Class : IX :C



# DREAM OF A KID

I would like to fly over
The galaxy pleasantly
Reading book in the
Yummy light of moon
Sitting in the nest of a bird
A wonder tend waiting
But I am not able to
make a sight of that
Glorious beauty of nature
Sleeping in a leaf near
That falls with fairy friends
some times these night .
I seemly valuable dreams.........

Anshika singh
Class: IX:G

# Maa

The person whom I saw first
with my little eyes

The person Who takes care of me

With a heart of love.

When you are happy

my heart is happy too

And when I am sad

Your heart is equally sad.

When I am in darkness

you are the light

For you are the candle

that light my life

Edson Cleetus

Class:IX:C



# Life

Enjoy the rhythm of life

Enjoy every bit of it

The most thoughtful one

Under which do good

Factors come

Feel the value of life

Which God has gifted us with

Feel the rhythm of love

Which is the pulse of every life

True that it is not sweet always

By giving and earning respect and love


Far and from every thing that comes

Your way feel enjoy love and live are the

Factors to make a perfect life

Amal Joy

IX:C



# സൗഹൃദത്തിൻ തൂവൽസ്പർശം

കാലങ്ങളെത്ര കഴിയുകിലും

മറക്കാത്ത സ്മരണങ്ങൾ മാത്രമേകി

കാതങ്ങളെത്ര താണ്ടുകിലും

നീറുന്ന കനലുകൾ ചങ്കിനുള്ളിൽ

മരിക്കാത്ത സ്മരണകൾ മാത്രമേകി

പോയ്മറഞ്ഞൊരാ സൗഹൃദത്തെ

ഏതോ വഴിയിൽ നാം വേർപിരിഞ്ഞു

കാലങ്ങൾ എത്ര കഴിയുകിലും

കനലുകൾ മാത്രം കെടാതെയായി

ആദ്യമായ് കണ്ടതും തമ്മിലടുത്തതും

ഇത്രയും അകലുവാനായിരുന്നോ

കെട്ടിപുണർന്നതും പൊട്ടിച്ചിരിച്ചതും

ഇത്രമേൽ വേദന നൽകിടാനോ?

എത്ര മോഹങ്ങൾ നെയ്തു നിനക്കായ്

എത്ര സ്വപ്നങ്ങൾ


കാത്തുവച്ചു

എങ്കിലും എൻ

മോഹമെല്ലാമറിഞ്ഞിട്ടും

ദൂരെ നീ

മാഞ്ഞങ്ങുപോയില്ലയോ?



Ilin shaju

IX:F

# **കഥ**

ഉയർന്ന ആവൃത്തിയിൽ ഹോൺ മുഴക്കി അരികിലൂടെ കടന്നുപോയ സ്വകാര്യബസ്സാണ് അയാളെ ചിന്തയിൽ നിന്ന് ഉണർത്തിയത്. ഉറക്കത്തിലായിരുന്നോ ഉന്മാദാവസ്ഥയിലായിരുന്നോ താനെന്ന് അയാൾക്ക് തന്നെ നിശ്ചയമുണ്ടായിരുന്നില്ല. നാലഞ്ചുമണിക്കൂറിലധികമായി തുടരുന്ന യാത്ര. ലക്ഷ്യമില്ലാതെ അലഞ്ഞു നടന്ന പതിനാലു വർഷങ്ങൾ, തിരികെ പോകണമെന്നാഗ്രഹിക്കുമ്പോഴും വേണ്ട എന്ന് മനസ്സിലിരുന്നാരോ മന്ത്രിച്ച നിമിഷങ്ങൾ, എന്തിനു പോകണം, ആരെ കാണാൻ എന്ന ചോദ്യങ്ങൾ ഓരോ തവണ ഉയരുമ്പോഴും മനസ്സിനേക്കാൾ വേഗത്തിൽ ശരീരം പുറകോട്ടു വലിഞ്ഞു. എന്നിട്ടും ഈ യാത്ര അനിവാര്യമായിത്തീർന്നു. ഇനിയും ഏറെ യാത്ര ചെയ്യാനുണ്ട് എന്ന തിരിച്ചറിവ് അയാളെ വീണ്ടും ചിന്തയിലാഴ്ത്തി.

ചുറ്റും കൂടി നിൽക്കുന്ന നാട്ടുകാർ അവർക്കിടയിൽ കലിതുള്ളിനില്ക്കുന്ന സഹോദരൻ, എല്ലാം കണ്ടിട്ടും നിസ്സഹായകനായി നില്ക്കുന്ന അച്ഛൻ. ഉമ്മറ കോലായിൽ മുഷിഞ്ഞ വസ്ത്രമണിഞ്ഞ്, സാരിത്തലപ്പുകൊണ്ട് കണ്ണീർ തുടയ്ക്കുന്ന അമ്മ. ഓരോ തവണ സാരി മുഖത്തോടു ചേരുമ്പോഴും മുഖത്തിന്റെ നിറം കൂടുതൽ കറുപ്പാകുന്നത് അവൻ കണ്ടു. കവിൾത്തടത്തിൽ കണ്ണീർ പടരുമ്പോഴും അമ്മയുടെ കണ്ണുകൾ അവനോടു സംസാരിക്കുന്നുണ്ടായിരുന്നു. “എങ്ങോട്ടെങ്കിലും രക്ഷപ്പെട്ടൂ” എന്നാണ് അമ്മ പറയുന്നത് എന്ന് തിരിച്ചറിഞ്ഞ മാത്രയിൽ തുടങ്ങിയ ഓട്ടം ചെന്നെത്തിയത് റയിൽവേസ്റ്റേഷനിൽ. പതിനാറ് വയസ്സുള്ള അവന് അമ്മയെ വിട്ടു പോകാൻ മനസ്സുണ്ടായിട്ടല്ല, പക്ഷേ ഇനിയുമൊരുപാടുനാൾ മരണത്തിനും ജീവിതത്തിനുമിടയിലുള്ള ഈ നൂൽപ്പാലത്തിൽ തൂങ്ങിയാടാൻ വയ്യാത്തതുകൊണ്ട് മാത്രം അവനമ്മയെ അനുസരിച്ചു. കയ്യിലൊന്നുമില്ലാതെ ആ ഫ്ലാറ്റ്ഫോമിൽ തനിച്ചിരുന്ന് മണിക്കൂറുകൾ......ഒടുവിൽ ഇരന്നു കിട്ടിയ മുഷിഞ്ഞ നോട്ടുകൾ പെറുക്കി കൂട്ടി എങ്ങോ പോകുന്ന ടെ്രയിനിൽ യാത്ര തുടങ്ങുമ്പോഴും അവന്റെ മനസ്സിൽ ആ ചോദ്യങ്ങൾ മുഴങ്ങിക്കൊണ്ടേയിരുന്നു. “നിനക്കും നിന്റെ അമ്മയ്ക്കും ഈ വീട്ടിൽ എന്തവകാശം ? എന്റെ അച്ഛന്റെ സ്വത്തിൽ കണ്ണ് നട്ട് നിന്റെയമ്മ പറ്റിക്കൂടിയതല്ലേ ?”

ആ അച്ഛന്റെ മകനാ ഞാനും എന്ന് ഉറക്കെ വിളിച്ചു പറയണമെന്നാഗ്രഹിക്കുമ്പോഴും ശബ്ദം തൊണ്ടയിൽ തട്ടി അലിഞ്ഞില്ലാതെയായി. ജന്മം കൊണ്ട് താനും ആ കുടുംബത്തിലെ ഒരു കണ്ണിതന്നെ. രണ്ടാനമ്മയുടെ മകൻ എന്ന ബന്ധം മാത്രമെ എനിക്കവിടെയുള്ളൂ എന്നാദ്യമായി തിരിച്ചറിഞ്ഞതും സഹോദരന്റെ നാവിൽ നിന്നു തന്നെയാണ്. പരാതികളൊന്നുമില്ലാതെ പണിയൊക്കെ

തീർത്ത് കയ്യാലയിൽ ഉച്ചമയക്കത്തിലാഴ്ന്ന പോയ അമ്മയോട് സങ്കടം പറഞ്ഞപ്പോഴും "അവൻ അമ്മയില്ലാത്ത കുട്ടിയല്ലേ ? അവൻ അങ്ങനെ പറഞ്ഞോട്ടെ എന്റെ മോൻ കാര്യാക്കണ്ട എന്നേ അമ്മ പറഞ്ഞുള്ളൂ ".

വർഷങ്ങൾ കൊഴിയുമ്പോഴും ഞങ്ങളാകുന്ന കണ്ണികൾ അകലുന്നതല്ലാതെ അടുത്തതേയില്ല, ഒരു കണ്ണി അറ്റുപോകുമെന്ന യാഥാർത്ഥ്യബോധത്തിനൊടുവിലാണ് അമ്മയുടെ കണ്ണുകൾ എന്നോട് സംസാരിച്ചത് നീ പോയെ പറ്റൂ ......

ചായ...കാപ്പി...പതിഞ്ഞ ശബ്ദത്തിൽ മെറൂൺ കളർ പാന്റു ഷർട്ടുമിട്ട ഒരു മനുഷ്യൻ തട്ടിവിളിച്ചു. ആ പാത്രത്തിലെ മുഴുവൻ ചായയും കുടിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നെങ്കിലും കയ്യിലെ നോട്ടുകളുടെ എണ്ണം അതിനനുവദിച്ചില്ല. കടലാസ് കപ്പിലെ ചായ മൊത്തിക്കുടിച്ചപ്പോൾ അവൻ അമ്മയെ ഓർത്തു. കണ്ണുനീർ കവിൾത്തടങ്ങളിൽ നനവു പടർത്തുന്നത് അവനറിഞ്ഞില്ലെന്ന് ഭാവിച്ചു .

ഇടയ്ക്ക് എപ്പോഴോ എൻജിനിൽ നിന്ന് ബോഗികൾ അടർത്തിമാറ്റുന്നത് കണ്ടപ്പോഴും അവനത് തന്റെ ജീവിതമായി തോന്നി. അമ്മയിൽനിന്ന് തന്നെ അടർത്തിമാറ്റിയ ജേഷ്ഠസഹോദരനോട് തീരാത്ത വെറുപ്പുമായി അവൻ യാത്ര തുടർന്നു. കയ്യിലുള്ള ടിക്കറ്റുകൊണ്ട് സഞ്ചരിക്കാവുന്നതിലധികം ദൂരം സഞ്ചരിച്ചിട്ടും, പരിശോധകൻ പിടിച്ചിട്ടേ അവൻ യാത്ര അവസാനിപ്പിച്ചുള്ളൂ. അറിയാത്ത നാട്, അറിയാത്ത ഭാഷ, അറിയാത്ത സംസ്കാരം, എല്ലാം പതിയെ പതിയെ അറിവിന്റെ ലോകമായി മാറി. ഹോട്ടൽ പണി, കമ്പനി ജോലികൾ എല്ലാറ്റിലും ഒരു കൈനോക്കി. വർഷങ്ങൾ തന്റെ ശരീരത്തിലും മനസ്സിലും വരുത്തിയ മാറ്റങ്ങൾ അവനൊഴിച്ച് മറ്റെല്ലാവരും അറിഞ്ഞു. ഇതിനിടയിൽ അമ്മയ്ക്കായി കുത്തിക്കുറിച്ച കുറിച്ച് വാക്കുകൾ. അതിനു മറുപടിയായി വന്ന നനവ് പടർന്ന കുറച്ച് അക്ഷരങ്ങൾ... തീർന്നു നാടുമായുള്ള ബന്ധം. കുറച്ച് വർഷമായി അതുമില്ല.

ഇന്നിതാ വീണ്ടും തന്നെ തേടി വന്നിരിക്കുന്നു . മൂന്നോ നാലോ വാക്കുകൾ... 'വരണം എനിക്ക് കാണണം ' അമ്മ. ഇത്ര വർഷങ്ങൾക്കിടയിൽ താൻ വായിക്കാൻ ആഗ്രഹിച്ച വാക്കുകൾ, ചിറകുകളുണ്ടായിരുന്നെങ്കിൽ എന്നാഗ്രഹിച്ച നിമിഷങ്ങൾ, പിന്നെയൊന്നുമോർത്തില്ല. അന്നു തന്നെ പുറപ്പെട്ടു.

ട്രെയിനിറങ്ങി വേഗത്തിൽ നടക്കുമ്പോഴാണ് ബസ്സിന്റെ ഹോൺ മുഴങ്ങിയത് . കാലം വരുത്തിയ മാറ്റം അയാൾ നോക്കിക്കണ്ടു. വർഷങ്ങൾക്കുമുൻപ് ആൾപാർപ്പില്ലാതിരുന്നഗ്രാമം, ഫ്ലാറ്റുകൾക്ക് മുമ്പിൽ ഇല്ലാതായതുപോലെ.... നടപ്പിന്റെ വേഗത കൂടുമ്പോഴും എന്തോ തന്നെ പേടിപ്പെടുത്തുന്നത് അയാൾ തിരിച്ചറിഞ്ഞു. വീട്ടിലേയ്ക്കുള്ള വളവ് തിരിയുമ്പോഴേ കാണാം അങ്ങകലെ ഒരാൾക്കൂട്ടം. ടാർപായയുടെ നീലനിറം അയാളെ ഭീതിയിലാഴ്ത്തി. 'അമ്മ' ...അയാളുടെ ചിന്ത മിന്നൽപ്പിണർ പോലെ പാഞ്ഞു, പിന്നെയൊന്നും ഓർമയില്ല...മന്ത്രങ്ങൾ ഉരുവിടുന്ന കർമ്മി ...കയ്യിൽ എള്ളിന്റെയും ചോറിന്റെയും അവശിഷ്ടങ്ങൾ ... ചിത കത്തിയുയരുന്നു. അയാൾ


തിരിഞ്ഞുനോക്കി അങ്ങകലെ മുഷിഞ്ഞ വസ്ത്രവുമായി കണ്ണീർ തുടയ്ക്കുന്ന അമ്മ, പിന്നെ ഈ കത്തിയമർന്നത് .....

ചോദ്യങ്ങൾക്കുത്തരം ലഭിച്ച അമ്മയുടെ കണ്ണിൽ നിന്നു തന്നെ അറുത്തു മാറ്റാൻ വെമ്പിയ കണ്ണി ....ഒടുവിലിതാ, അറ്റുപോയ് ... .ഒരിക്കലും വിളക്കി ചേർക്കാനാകാതെ .......

SHANTY VARGHESE

H S A




FLOWER Vase
Amisha Jigo
IX D
Roll No: 1

# അന്നു പെയ്ത മഴയിൽ

ഒരു മഴയായ് ഒരു മണമായ്

പുതുമണ്ണിൽ പുതുമ ഞാനോർത്തു

വെളിച്ചത്തെ കാർന്ന ഇരുട്ടിനെ

നിലാവിനു ഈണമിട്ട മഴയെ

ഒരു നനവായ് ഞാനറിഞ്ഞു

പുളിമരച്ചോട്ടിലെ കൂണും

ഇടിവെട്ടിന്റെ പ്രണയവും

ഒരു നിലാവെളിച്ചത്തിൽ

ഒരു മഴയത്തു ഞാനറിഞ്ഞു

ഇതൊരു രഹസ്യമത്രേ

മഴയ്ക്കുമുമ്പേ പാറിയ തുമ്പികളും

മഴയ്ക്കു ശ്രുതിമീട്ടുന്ന തവളതൻ

കരച്ചിലും ആ മഴയെ എതിരേറ്റ്

വെള്ളം തെറിപ്പിച്ചു കളിച്ച മഴതൻ

കുസൃതിയിൽ ഞാൻ രസിച്ച

തേക്കിൻ കൊമ്പിലെ കിളികളും

മഴയത്ത് നനഞ്ഞ കുഞ്ഞിക്കിളിയും


തെങ്ങിൻ കൊമ്പിലെ തത്തയും

ഞാനുമറിയാതെ ചോദിച്ചു

എന്തേ മഴ തോരാത്തേ???

Ardra Binesh

IX:F



# <u>MOON</u>

Oh!moon so high
Hung like a lantern in the sky
Its bring in the night sky
from where do you
Bring these shiny little stars ?

Oh!from where ? Where ?

Where ?

Oh!moon so high

Oh!star so bright

where have you come from ?

Oh!from where ? Where ?

The shining light hides behind my eyes

Comes in a supernova surprise

Bibin Benny

Class:I
X : D

# ലോകപരിസ്ഥി ദിനം

ജൂൺ 5 ലോകപരിസ്ഥി ദിനമായി ആചരിക്കുന്നു

ഇല്ലാതാകുന്ന പചപ്പിനെയും തകിട മറയുന്ന

ആവാസവ്യവസ്ഥയെയും തിരിച്ചു പിടിക്കാനുള്ള

ഓർമ്മപെടുത്തലായാണ് ഒരോ പരിസ്ഥി ദിനവും

Goutham
krishna

# വിദ്യാലയം പുണ്യാലയം

മനുഷ്യന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട ഭാഗമാണ് വിദ്യാഭ്യാസഘട്ടം ആ കാലഘട്ടമാണ് ഓരോ മനുഷ്യന്റെയും സ്വഭാവം നിർണയിക്കുന്നത്. കഴിവുകൾ പ്രകടമാക്കുന്നത്.കഴിവുകൾ പ്രടകമാകുന്നത്. അമ്മയുടെ കൈയ് പിടിച്ച് നഴ്സറിയൽ ചേരുന്ന നിമിഷം മുതൽ ഓരോ കുഞ്ഞും കൂടുതൽ സമയവും ചെലവഴിക്കുന്നത് വിദ്യാലയത്തിലാണ്. പുസ്തകങ്ങളുടെയും കൂട്ടുകാരുടെയും നടുവിലാണ്. ആ ലോകത്തിൽ പൂമ്പറ്റകളെ പോലെ അവർ പാറി നടക്കുന്നു. നിഷ്കളങ്കതയുടെയും കളിയുടെയും ചിരിയുടെയും കാലഘട്ടത്തിലൂടെയാണ് വിദ്യാർത്ഥികൾ കടന്നുപോകുന്നത്. വിദ്യാലയത്തിൽ ചില നിയമങ്ങളുണ്ടെങ്കിലും അവർ സ്വാതന്ത്ര്യത്തിന്റെ പടികളാണ് ചവിട്ടുന്നത്. ആ കളങ്കമില്ലാത്ത കുഞ്ഞുമനസാ.

പക്ഷേ മുതിർന്ന പൗരൻ ആകുമ്പോൾ അസൂയയുടെയും അഹങ്കാരത്തിന്റെയും ലോകത്തിലാകുന്നു. ഒരു ദിവസം എല്ലാം തകർന്ന് നിരാശതാകുന്നു. അപ്പോൾ തോന്നും വിദ്യാഭ്യാസക്കാലത്തേക്ക് തിരിച്ച് പോകാൻ.

Smetha raju

IX:C



# The Great Mother

The person whom I saw first
with my little eyes
The person Who takes care of me
With a heart of love.

When you are happy
my heart is happy too
And when I am sad
Your heart is equally sad.

When I am in darkness

you are the light

For you are the candle

that light my life

Edson CLEETUS

Class:IX:C

# THE MOON

Oh my glittering moon

Are you made of white marbles

Which shine like stars

you are like balloon

which floats like high in the sky

you are small

yet grow so fast

Smiling every time

which makes me laugh

Geo Joshy

IX:C

# മഴ

മഴ പെയ്തൊഴിഞ്ഞ

പൃഥ്വിതൻ  ഉള്ളിൽ

തത്തി കളിക്കുന്ന

കുളിരു നിറഞ്ഞൊരാ ഭാവം

പോയ് മറഞ്ഞ മഴയെ

തേടുന്ന മാരുതൻ

തൻ മുഖത്തുപടരുന്ന

വിഷാദവും ഖിന്നവും.

എന്തോ പറയാൻ

കൊതിച്ചൊരാ മഴ

മറഞ്ഞു വാനത്തിൽ

തിരശ്ശീലമേൽ വീണ്ടും.

മഴയിൽ തനത്ത മനസുമായി

മാരുതൻ വിഷാദമഗ്നനായി

കേഴുന്നു നിലാവിൻ മടിയിൽ

ഇവയേതും കണ്ടൊരാ വാനത്തിൽ

നീലിമ വർണ്ണമേഴും  കണ്ണുകൾ

ജ്വലിക്കുന്നു വീണ്ടും വീണ്ടും.........

ഡെന്ന വിൽസൻ

IX:C

# നദി

ചക്രികം പോലെ ഒഴുക്കുന്ന

നദിതൻ താളം

കേട്ടുമയങ്ങുന്ന ഏണങ്ങൾ

പൃഥ്യിതൻ ഹാരങ്ങളാകും

നദിതൻ ധാരണനർത്തനമാടുമ്പോൾ

ധാരയിൽ നിന്നുയരും

കുമിളകൾതൻ മുത്ത്വം

തഴുകിയകലുന്ന മാരുതനും

വെളാരംകലിനെ തഴുകി

കുതിക്കുന്ന നദിതൻ

മേനിയിൽ സൂര്യദേവൻ

ദീപ്തം പൊഴിക്കവേ

മിന്നും മഞ്ഞുത്തുള്ളിയായി

മാറുന്ന ജലത്തിൻ ധാരപുഷ്പങ്ങൾ

വാലാഹത്തിൻ തൂവെള്ള

പവിത്രതപോൽ നദിതൻ

ഉൾഭംഗി പരിശുദ്ധമാവുന്നു

നദിയുടെ സന്താനമാകും

ചെറുമത്സ്യങ്ങൾതൻ

തുള്ളലും കുതിക്കലും

കാണവേ മനം

നീലിമയാൽ കണ്ണെഴുതുന്നു

പാരം ഗഹനമുള്ള

നദിതൻ ആർദ്രം

ഏൽക്കും തരുക്കൾതൻ

ലാവണ്യം വർദ്ധിക്കവേ

ഇവയേതും കണ്ടുനിൽക്കും

അംഭസ്സിൻ അന്തസ്സ് കൂടുന്നു



# നമ്മുടെ സൗഹൃദം

ഒരിക്കലും വാടിപ്പോകാത്ത

ഒരു പൂവുപോലെ

മധുരം നഷ്ടപ്പെടാത്ത

തേൻതുള്ളിപോലെ

എന്നിലെന്നും നിറഞ്ഞുനിൽക്കും

നിന്റെ സൗഹൃദം.

മഞ്ഞും കാറ്റും പ്രളയവും വന്നാലും

ഒരിക്കലും മാഞ്ഞുപോകില്ല

എന്റെ സൗഹൃദം.

തളിരിലയിലെ തെളിവെള്ളം പോലെ

വെളിച്ചം നിലയ്ക്കാത്ത

സൂര്യനെപ്പോലെ

അവസാനമില്ലാത്ത തിരമാലകൾപോലെ

നമ്മുടെ സൗഹൃദം.

വെയിലും മഴയും മാറി മാറി

വന്നാലും....

നമ്മുടെ സൗഹൃദം മാറരുത്

Salabha k.s

IX:F

## മഴയുടെ ഈർപ്പം

ഈർപ്പം മറന്നൊരാ -

ഭൂമിതൻ മാറിൽ

മഴയുടെ കുളിരു ചതിച്ചു.

ചിതറി തെറിച്ചൊരാ -

മണിമുത്തുകൾ പെറുക്കി -

കൊണ്ടൊരു മന്ദഹാസം

പരത്തുന്ന നദികൾ

പൃഥ്വിതൻ മാറിൽ

മയങ്ങി കിടന്നൊരാ -

ചെറുപുൽ നാമ്പും

നുകർന്നു നനുത്ത മധുരം .

ദാഹം തീരാതെയിതാ -

ജലം മോന്തി കുടി -

ക്കുന്നിതാ മൺഞരമ്പുകൾ.

കണ്ണുചിമ്മാൻ വെമ്പൽ

കൊണ്ടൊരാ പൂവിൽ

ചുംബിച്ചു വീഴുന്നു

വെൺ മഴതുള്ളികൾ.

മഴവന്ന് പുണർന്നൊരാ -

മേനിയിൽ തഴുകിയ മാരുതനും

വിറച്ചുകൊണ്ടതാ നിൽക്കുന്നു

വടിവൊത്ത വൃക്ഷ സമൂഹം.

മഴതൻ വെള്ളിനൂലിൽ

സ്വയമേ ഊഴ്ന്നു

വിഴുന്ന സ്ഥാനഭ്രംശം

ഏറ്റൊരാ നീർപ്പോളകൾ.

മേഘത്തിൽ നിന്നും

പിണങ്ങിയിറങ്ങിയ

ആ മഴ തിരിച്ചക -

ലുന്ന യാത്ര പറയാതെ

## മാനും മുന്തിരി ഇലകളും

ഒരിക്കൽ ഒരു മാനിനെ വേട്ടക്കാർ ഓടിച്ചു.പേടിച്ചോടിയ മാൻ ഒരു മുന്തരിത്തോട്ടത്തിലെത്തി.ഇവടെ ഒളിച്ചിരിക്കാം!മാൻ മുന്തിരി ഇലകൾക്കിടയിൽ മറഞ്ഞിരുന്നു .പിന്നാലെ എത്തിയ വേട്ടക്കാർ

കുറച്ചു നേരം മാനിനെ തിരഞ്ഞെങ്കിലും കണ്ടുപിടിക്കാനായില്ല.

അവർ മടങ്ങി. വേട്ടക്കാർ അല്പം അകലെ എത്തിയതും മാനിനു

തോന്നി , ഇനി ഈ മുന്തിരി ഇലകൾ തിന്നേക്കാം!നല്ല രുചിയായിരിക്കും!മാൻ മുന്തിരി ഇലകൾ കടിച്ചുമുറിച്ചു

തിന്നാൻ തുടങ്ങി.അപ്പോഴാണ് ചെറിയ അനക്കം കേട്ട് വേട്ടക്കാരി

ലൊരാൾ തിരിഞ്ഞു നോക്കിയത്.മുന്തിരി ഇലകൾ നീങ്ങിയതിനാൽ അയാൽ വേഗം മാനിനെ കണ്ടു.അതാ ആ മാൻ!വേട്ടക്കാരൻ പറഞ്ഞു.

നിമിഷങ്ങൾക്കുള്ളിൽ അവർ അവനെ പിടികൂടി.ആപത്തിൽ സഹായിച്ചവരെഉപദ്രവിക്കരുത്.മാൻ മനസിൽ ഓർത്തു...

# വായന ദിനം

**ജൂൺ 19** ആണ് വായനാദിനമായി ആചരിക്കുന്നത്. വായിക്കുമ്പോൾ കണ്ണു മാത്രം

തുറന്നാൽ പോരാ മനസ്സും തുറക്കണം പുതുവായിൽ നാരായണപ്പണിക്കാർ എന്ന പി എൻ.പണിക്കർ കേരള

ശാല സംഘത്തിനു തുടക്കമിട്ട അദേഹത്തിന്റെ ചരമ

വാർഷികദിനമാണ് വായനാദിനം

**Goutham krishna**

# സ്വാതന്ത്ര്യ ദിനം

August 15 സ്വാതന്ത്ര്യ ദിനം ആചരിക്കുന്നു.ഒന്നാം ലോകയുദ്ധാത്തിൽ ബ്രിട്ടന്റെ എതിർസഖ്യത്തിലായിരുന്നു തുർക്കി സാമ്രാജ്യം .യുദ്ധാത്തിൽ ഖലിഫയ്ക്ക് എതിരായ ബ്രിട്ടിഷ് നടപടികളിൽ പ്രതിഷേധിച്ചാണ് ഖിലിഫയത്ത് പ്രസ്ഥാനം രുപം കൊണ്ടത് 1915 – ൽ ഗാന്ധിജി തെക്കേ ആഫ്രിക്കയിൽ നിന്ന് മടങ്ങിയെത്തി നേതൃത്വം ഏറ്റെടുത്ത


ശേഷം മാത്രമാണ് കോൺഗ്രസ് സംഘടിതമായ ഒരു ബഹുജനപ്രസ്ഥാനമായി മറിയത്. ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചപ്പോൾ അധികാരത്തിന്റെ ഉന്നതശ്രേണിയിലേ –

ക്ക് കടന്നുവരാതെ അദ്വൈഹം ഹിന്ദു മുസ്ലീം ഐക്യം പ്രചരിപ്പിക്കുന്നതിനായി പൊതു

ജന മധ്യത്തിലേക്കിറങ്ങുകയാണ് ചെയ്തത് . 1948 ജനുവരി 30 അദ്ദേഹം നാഥുറാം

ഗോഡ്സെ എന്ന യുവാവിന്റെ വെടിയേറ്റ് മരിച്ചു.

Gouthamkrishna P G



ഡിജിറ്റൽ മാഗസിൻ
യാഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ലാ
ലിറ്റിൽ കൈറ്റ്സ് അംഗങ്ങള്ക്കും,അനഘ
ദിലീപിനും, പ്രിൻസി ജോസിനും എല്ലാ
അധ്യാപകർക്കും ഒരായിരം നന്ദി .............

എഡിറ്റർ

